LIBRARY ARCHIVES Kerala Legislative Assembly

**കൊണ്ടോട്ടി - കൊളപ്പുറം റോഡ് പുനരുദ്ധരിക്കാൻ നടപടി**

**205 (4559)** **ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ എൻ.എച്ച്.213-നെയും എൻ.എച്ച് 17-നെയും ബന്ധിപ്പിക്കുന്ന കൊണ്ടോട്ടി-കൊളപ്പുറം റോഡ് സെൻട്രൽ റോഡ് ഫണ്ടിന്റെ സഹായത്തോടെ പുനരുദ്ധരിക്കുന്നതിന് വേണ്ടിയുള്ള പ്രൊപ്പോസൽ പൊതു മരാമത്ത് വകുപ്പിൽ ലഭിച്ചിരുന്നുവോ ;

(ബി) എങ്കിൽ എന്നാണ് ലഭിച്ചത് ; അതിന്റെ നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) ആവശ്യമായ ശുപാർശയോടെ പ്രസ്തുത റോഡിന്റെ പ്രൊപ്പോസൽ കേന്ദ്ര ഉപരിതല ഗതാഗതവകുപ്പിലേക്ക് കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

(എ) ചീഫ് എൻജിനീയറുടെ ശുപാർശ 19-3-2010-ൽ ലഭിച്ചു.

(ബി & സി) 2010-11 വർഷത്തിൽ സി.ആർ.എഫ്. സ്കീമിൽ ഉൾപ്പെടുത്തേണ്ട പദ്ധതികൾ 15.6.2010-ൽ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും അവയ്ക്ക് കേന്ദ്രാനുമതി ലഭിക്കുകയും ചെയ്തു. പ്രാദേശിക സന്തുലനം ഉറപ്പാക്കിക്കൊണ്ട് റോഡുകൾ തെരഞ്ഞെടുത്തപ്പോൾ കൊണ്ടോട്ടി കൊളപ്പുറം റോഡ് പട്ടികയിൽ ഉൾപ്പെടുത്താൻ സാധിച്ചില്ല. 2010-11 വർഷത്തിൽ ഇനി പദ്ധതികൾ അനുവദിച്ചു കിട്ടാൻ സാധ്യതയില്ല.

**കെ.എസ്.ടി.പി. പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനം**

**206 (4560)** **ശ്രീ. ജി. കാർത്തികേയൻ :**
**ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :**
**ശ്രീ. കെ. ബാബു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ റോഡ് വികസനത്തിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന കെ.എസ്.ടി.പി. പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനം എന്നുമുതൽ ആരംഭിക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത് ;

(ബി) പ്രസ്തുത പദ്ധതി പ്രഖ്യാപിത സമയത്തിൽ ആരംഭിക്കാൻ കഴിഞ്ഞുവോ ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ് ;

(സി) രണ്ടാംഘട്ട പദ്ധതിയിൽ എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുമെന്നും അവ എന്ന് പൂർത്തീകരിക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത് ;

(ഡി) പുതുക്കിയ പദ്ധതിയനുസരിച്ച് രണ്ടാംഘട്ടം എന്ന് പൂർത്തിയാക്കാനാകുമെന്ന് വെളിപ്പെടുത്തുമോ ;

(ഇ) രണ്ടാംഘട്ട പദ്ധതി പൂർത്തിയാകുമ്പോൾ ഈ ഘട്ടത്തിന്റെ അടങ്കൽ തുകയിൽ എന്ത് വർദ്ധനവ് ഉണ്ടാകുമെന്നാണ് കണക്കാക്കുന്നത് ?

ഉത്തരം

(എ) 2005-ാമാണ്ട് ഡിസംബർ മാസത്തിൽ ഒന്നാം ഘട്ടത്തിന്റെ പണികൾ തീരുന്നതനുസരിച്ച് രണ്ടാം ഘട്ടം ആരംഭിക്കേണ്ടതായിരുന്നു.

(ബി) ഇല്ല. ഒന്നാം ഘട്ട പണിക്കൾക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിൽ കാലതാമസം നേരിടുകയും പണികൾ നീണ്ടുപോകുകയും ചെയ്തതിനാലാണ് പ്രഖ്യാപിത സമയത്ത് രണ്ടാംഘട്ട പണികൾ ആരംഭിക്കാൻ സാധിക്കാതെ വന്നത്.

(സി) രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന റോഡുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. * രണ്ടാംഘട്ടം 2007-ൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിരുന്നത്.

(ഡി) പണി ആരംഭിച്ച് മൂന്ന് വർഷം കൊണ്ട് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഇ) 1356 കോടി രൂപ ചെലവ് ഇപ്പോൾ കണക്കാക്കുന്നുവെങ്കിലും പൂർത്തിയാകുമ്പോൾ ഉണ്ടാകുന്ന വർദ്ധനവിനെക്കുറിച്ച് ഇപ്പോൾ കണക്കാക്കാൻ കഴിയില്ല.

**പാലക്കാട് കുളപ്പുള്ളി കെ.എസ്.ടി.പി. റോഡിന്റെ ഇരുവശത്തുമുള്ള അഴുക്കുചാലുകളുടെ പണി**

**207 (4561)** ശ്രീ കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട്-കുളപ്പുള്ളി കെ.എസ്.ടി.പി. റോഡിന്റെ ഇരുവശത്തുമുള്ള അഴുക്കുചാലുകളുടെ പണി എത്രത്തോളമായി എന്നറിയിക്കുമോ ;

(ബി) അഴുക്കുചാലുകൾ സ്ലാബിട്ട് അടയ്ക്കുന്ന നടപടി ഏതു ഘട്ടത്തിലാണ് എന്നറിയിക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ & ബി) ഓടകളുടെ പണി 40 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly